**Circular No.05/Gov/2017**

2966
07/03/17
3.3.7

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മരാമത്ത് പ്രവൃത്തികൾക്ക് (ടാറിംഗ്) ബിറ്റുമിൻ വാങ്ങുന്നതിനുള്ള നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**564/2017**/തസ്വഭവ തീയതി, തിരുവനന്തപുരം, **01.03.2017.**

പരാമർശം :- 1) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.

2) സ.ഉ.(സാധാ)നം. 3049/2016/തസ്വഭവ തീയതി 8/11/2016

3) 01.02.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയം 2.16 ാം നമ്പർ തീരുമാനം.

4) 10/02/2017ലെ 75/ഡി.എ1/2017-തസ്വഭവ നമ്പർ സർക്കുലർ

5) 15.02.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയം 2.1 ാം നമ്പർ തീരുമാനം.

6) 27/02/2017ലെ 114/ഡി.എ1/2017-തസ്വഭവ നമ്പർ സർക്കുലർ

**ഉത്തരവ്**

പരാമർശം (2)ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങി നല്കുന്നതിനുള്ള പ്രവൃത്തിയുടെ അടങ്കൽ തുക 15 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷമാക്കി ഉയർത്തുകയും, കരാറുകാർ ടാർ വാങ്ങുകയാണെങ്കിൽ കർശനമായി ഒറിജിനൽ ബിൽ സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

DB
RK

2. പരാമർശം (3) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ഭാഗമായി നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ ആവശ്യപ്പെടുന്ന കോൺട്രാക്ടർമാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി വാങ്ങി നല്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ബിറ്റുമിൻ വാങ്ങി നല്കുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങൾ നിർദ്ദേശിച്ച് ഉത്തരവാകുന്നു.

3. ഓരോ പ്രവർത്തിയുടേയും ടാറിന്റെ ആവശ്യവും അതിൽ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുകയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും അതിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിക്ക് തുക നല്കുന്നതിന് സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിന്റെ ചെക്ക് നല്കേണ്ടതുമാണ്. സെക്രട്ടറി സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ തുക ഇട്ടതിനു ശേഷം സെക്രട്ടറിയുടെ ചെക്ക് ഓയിൽ കമ്പനിക്കു നൽകി ബിറ്റുമിൻ വാങ്ങി കോൺട്രാക്ടർക്ക് നല്കേണ്ടതാണ്. ബിറ്റുമിന്റെ ട്രാൻസ്പോർട്ടേഷൻ ചിലവു, കയറ്റിറക്കുകൂലി എന്നിവ ആദ്യഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ വഹിക്കേണ്ടതാണ്. ബിറ്റുമിന്റെ വില ട്രാൻസ്പോർട്ടേഷൻ ചിലവും കയറ്റിറക്കുകൂലിയും ഉൾപ്പെടെ അന്തിമ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

4. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നും കാലവിളംബം ഉണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കായിരിക്കുന്നതാണ്. ഇക്കാരണത്താൽ റോഡ് വർക്കുകൾ പൂർത്തിയാകാതെ പോവുകയോ, ബിറ്റുമിൻ വാങ്ങി നൽകാത്തതിന്റെ പേരിൽ റോഡ വർക്കുകൾ [illegible] ഓവറാകുകയോ ചെയ്താൽ അത്തരം വീഴ്ച്ചകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉത്തരവാദികളായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(ചീഫ് എഞ്ചിനീയർ മുതൽ ബ്ളോക്ക് പഞ്ചായത്ത് വരെ: പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:**-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം
Saradadevi
സെക്ഷൻ ഓഫീസർ.